**തഴപ്പായ-കൈതോല കൃഷി സംബന്ധിച്ച് കേരള നിയമസഭ നടപടിക്രമവും കാര്യനിർവ്വഹണവും ചട്ടം 304 പ്രകാരം ശ്രീ. ടൈസൺ മാസ്റ്റർ എം.എൽ.എ ഉന്നയിച്ച സബ്മിഷന് മറുപടി**

കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലകളായ ഈറ്റ, കാട്ടുവള്ളി, തഴ എന്നീ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമിട്ട് രൂപീകരിച്ച ബോർഡാണ് കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്. തഴപ്പായ നിർമ്മാണ മേഖലയിൽ നിന്നായി 65743 തൊഴിലാളികൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഭൂരിഭാഗവും സ്ത്രീ തൊഴിലാളികളാണ്. തഴപ്പായ നെയ്ത്തിന് പ്രശസ്തി ആർജ്ജിച്ച സ്ഥലങ്ങളാണ് തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കും സമീപ പ്രദേശങ്ങളും. കൈപ്പമംഗലം നിയോജകമണ്ഡല ത്തിലെ എടവിലങ്ങ് പഞ്ചായത്തിൽ 1000-ൽ അധികം തഴപ്പായ നെയ്ത്ത് തൊഴിലാളികളുണ്ട്. തോടുകളുടെയും പുഴകളുടെയും തീരങ്ങളിൽ തിങ്ങി വളരുന്ന കൈത എന്ന ചെടിയുടെ ഓലയിൽ നിന്നാണ് തഴപ്പായ നിർമ്മിക്കുന്നത്. പ്രധാനമായും സ്ത്രീകൾ വീടുകളിൽ ഇരുന്ന് സ്വയം തൊഴിലായി ചെയ്യുന്നതാണ് തഴപ്പായ നിർമ്മാണം. ഒരു പായ നെയ്താൽ ഏകദേശം 250-300 രൂപയാണ് കിട്ടുന്നത്. ഒരു പായ നെയ്യാൻ 2 ദിവസം എടുക്കും. സ്ത്രീ പുരുഷ ഭേദമന്യേ ഈ നിരക്കിലാണ് കൂലി കിട്ടുന്നത്. തഴയുടെ ദൗർലഭ്യം കാരണം മാർക്കറ്റിൽ വരുന്ന തഴ വാങ്ങിയാണ് പായ നെയ്യുന്നത്. പായ നെയ്യാനുള്ള തഴ മടിയ്ക്ക് 150 രൂപ ചെലവ് വരും. തഴ ചെത്തുന്ന തൊഴിലാളികൾക്ക് ഒരു ദിവസം ഏകദേശം 500/- രൂപ വരെ

കിട്ടുന്നുണ്ട്. യന്ത്രവൽകൃത പ്ലാസ്റ്റിക്ക് പായകളുടെയും ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള പുൽപ്പായകളുടെയും കടന്നു വരവോടു കൂടി പരമ്പരാഗത തൊഴിലാളികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് അർഹിക്കുന്ന വില കിട്ടാത്തതിനാലും കൈത ച്ചെടിയെ സംരക്ഷിക്കു ന്നതിൽ പുതിയ തലമുറ താൽപ്പര്യം കാണിക്കാതിരിക്കുന്നതിനാലും, തഴപ്പായ നെയ്ത്തിന് അസംസ്കൃത വസ്തുവായ കൈത ഓല ആവശ്യത്തിന് ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. കൈത ച്ചെടിയിൽ നിന്ന് വെട്ടിയെടുക്കുന്ന മുള്ളുകളോടു കൂടിയ കൈതഓല മുള്ള് കളഞ്ഞ് പ്രത്യേക രീതിയിൽ മെടഞ്ഞ് മടികളാക്കി ആഴ്ചകളോളം വെയിലത്ത് ഉണക്കി പ്രത്യേക അനുപാതത്തിൽ പുകയിൽ സംസ്കരിച്ച് എടുക്കുന്ന ഓലയാണ് തഴപ്പായ നെയ്ത്തിന് ഉപയോഗിക്കുന്നത്. ഇത്തരം പതം വരുത്തിയ ഓല ചെറിയ അളികളാക്കി തഴപ്പായ നെയ്തെടുക്കുന്നതിന് ഉദ്ദേശം രണ്ട് ദിവസമെങ്കിലും സമയമെടുക്കും. ഇത്രയും അദ്ധ്വാനത്തിന് ആനുപാതികമായ വില ഉൽപ്പന്നത്തിന് ലഭിക്കാത്തത് ഈ മേഖലയിലെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന തഴപ്പായ നെയ്ത്ത് തൊഴിലാളികളുടെ ഉന്നമന ത്തിനായി പ്രത്യേകം പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഈറ്റ, തഴ, കാട്ടുവള്ളി മേഖലയിലെ കൂലി നിരക്ക് കുറവായത് കാരണം ഈ മേഖലയിലെ തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം പ്രകാരം കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി ധനസഹായം നൽകിവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ

വന്നതിനുശേഷം ഈ ബോർഡിലെ തൊഴിലാളികൾക്കായി 29,36,35,750/- (ഇരുപത്തൊമ്പത് കോടി മുപ്പത്തി ആറ് ലക്ഷത്തി മുപ്പത്തി അയ്യാരത്തി എഴുന്നൂറ്റ് അമ്പത് രൂപ മാത്രം) തുക ഇൻകം സപ്പോർട്ട് സ്കീം പ്രകാരം അനുവദിച്ചിട്ടുണ്ട്. നിലവിൽ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പുഴകളുടെയും നദികളുടെയും തീരങ്ങളിൽ മുള വച്ച് പിടിപ്പി ക്കുന്നതിനും തീറ്റപ്പുല്ല് കൃഷി ചെയ്യുന്നതിനും അനുമതി ഉള്ളതാണ്. ഇതേ മാതൃകയിൽ മണ്ണ്, ജലസംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് പുഴകളുടെയും തോടുകളുടെയും തീരങ്ങളിൽ കൈത വച്ച് പിടിപ്പിച്ചാൽ ഭാവിയിൽ കൈത ഓലയുടെ ക്ഷാമം പരിഹരിക്കാൻ കഴിയും.

നിലവിൽ ബാംബൂ കോർപ്പറേഷനിൽ ഈറ്റ പൊളിച്ച് പനമ്പ് നെയ്യുന്നതിന് പാകത്തിൽ അളികളായി എടുക്കുന്നതിനുള്ള യന്ത്രങ്ങൾ ഉണ്ട്. അതേ മാതൃകയിൽ വ്യവസായ വകുപ്പുമായി സഹകരിച്ച് തഴ ചെറിയ അളികളാക്കി മാറ്റുന്നതിനുള്ള യന്ത്രവും അളികളാക്കിയ തഴയ്ക്ക് വിവിധ കളറുകൾ നൽകുന്നതിനുള്ള മാർഗ്ഗങ്ങളും ആവിഷ്കരിച്ച് സ്ത്രീകൾക്ക് സബ്സിഡിയോടെ സ്വയംതൊഴിൽ വായ്പയും ലഭ്യമാക്കിയാൽ ഈ പരമ്പരാഗത തൊഴിൽമേഖലയെ പിടിച്ചുനിർത്തുന്നതിനും, അതുവഴി ഗ്രാമീണ മേഖലയിലെ സമ്പദ്വ്യവസ്ഥയ്ക്ക് ഉണർവേകുന്നതിനും സാധിക്കുന്ന താണ് എന്ന നിർദ്ദേശം കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## ശ്രീ. എം. രാജഗോപാലൻ എം.എൽ.എ ഉന്നയിച്ച സബ്മിഷനുള്ള മറുപടി

പുഴ/തോട്/കുളം/മേച്ചിൽപറമ്പ്/പാറ/കനാൽ പുറമ്പോക്ക് ഭൂമി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെയും , കേരള മുനിസിപ്പാലിറ്റി ആക്ടിലെയും വ്യവസ്ഥകൾ പ്രകാരം പഞ്ചായത്തിലും, നഗരസഭയിലും നിക്ഷിപ്തമായിട്ടുള്ള ഭൂമിയാണ്. ഇത്തരത്തിലുള്ള പുറമ്പോക്ക് ഭൂമി അസാധാരണ സാഹചര്യങ്ങളിലൊഴികെ പതിച്ചു നൽകരുതെന്ന് Jagpal Singh V/s State of Panjab എന്ന കേസിലെ വിധിന്യായത്തിൽ ബഹു. സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്.

പുഴ പുറമ്പോക്ക് , കുളം പുറമ്പോക്ക്, തോട് പുറമ്പോക്ക്, കനാൽ പുറമ്പോക്ക്, കായൽ പുറമ്പോക്ക് എന്നിങ്ങനെ റവന്യൂ രേഖകൾ പ്രകാരം വിവിധ ഇനം പുറമ്പോക്കുകളിൽപ്പെട്ട സ്ഥലങ്ങളിൽ, സാധാരണക്കാരായ പതിനായിരക്കണക്കിന് കുടുംബങ്ങൾ സംസ്ഥാനത്തൊട്ടാകെ താമസിച്ചുവരുന്നുണ്ട്. ഇവരിൽ പലർക്കും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വീട്ട് നമ്പർ ലഭിച്ചിട്ടുള്ളതും റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ എന്നിവയുള്ളവരുമാണ്. കൈവശമുള്ള ഭൂമിയ്ക്ക് പട്ടയം ലഭിക്കണമെന്നത് ഇത്തരം ഭൂമിയിൽ താമസിച്ചുവരുന്ന പതിനായിരക്കണക്കിന് കുടുംബങ്ങളുടെ വർഷങ്ങളായുള്ള ആവശ്യമാണ്. പുഴ പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം 28565/യു3/15/റവ നമ്പർ ഫയലിൽ പരിശോധിച്ചിരുന്നതും, പുഴ പുറമ്പോക്ക് പതിച്ചു കൊടുക്കുന്ന വിഷയത്തിൽ ഓരോ കേസിലും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയോടെ കേസിന്റെ അർഹത പ്രത്യേകം പരിശോധിച്ച് തീരുമാനമെടുക്കാവുന്നതാണെന്ന് തീരുമാനിച്ചിരുന്നതുമാണ്. കൂടാതെ സമാനമായ കേസിൽ ജി.ഒ(എം.എസ്)നം. 124/18/റവ തീയതി , 26/3/2018 പ്രകാരം എറണാകുളം കണയന്നൂർ താലൂക്ക് ചേരാനല്ലൂർ വില്ലേജിലെ സർവ്വെ 985.86 എന്നിവയിൽപ്പെട്ട 2.0146 ഹെക്ടർ പുഴപുറമ്പോക്ക് സ്ഥലത്ത് വടുതല

ജനകീയ കോളനിയിൽ താമസിക്കുന്ന 179 കുടുംബങ്ങളിൽ അർഹരായ കൈവശക്കാർക്ക് മാത്രം പട്ടയം നൽകുന്നതിലേയ്ക്കായി എറണാകുളം ജില്ലാകളക്ടർക്ക് അനുവാദം നൽകി ഉത്തരവായിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ തീരദേശ പുറമ്പോക്കിൽ വർഷങ്ങളായി ജീവിച്ചുവരുന്ന കൈവശക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് പരിശോധിച്ചിട്ടുള്ളതാണ്. 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഈ കുടുംബങ്ങൾക്ക് നിലവിൽ കൈവശ ഭൂമിയ്ക്ക് പട്ടയം നൽകുന്നതിന് കഴിയാത്ത അവസ്ഥയാണ്. എന്നിരുന്നാലും പ്രസ്തുത ഭൂമി പതിച്ചു നൽകുന്നതിനുള്ള അർഹത പരിശോധിച്ച് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ നിരാക്ഷേപ പത്രവും പതിവിനുള്ള വ്യക്തമായ വ്യക്തിഗത ശിപാർശയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ജില്ലാകളക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ തലത്തിൽ പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കാവുന്നതാണ്.

************************************